**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** 23-08-2022 - ൽ മറുപടിയ്ക്ക്

**സംസ്ഥാനത്ത് കൂടുതൽ നഴ്സിങ് കോളേജുകൾ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ നഴ്സിങ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ താഴെ ചേർത്തിട്ടുള്ള 7 നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നു.<br>1 സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം<br>2. സർക്കാർ നഴ്സിംഗ് കോളേജ് , കോട്ടയം<br>3. സർക്കാർ നഴ്സിംഗ് കോളേജ് , ആലപ്പുഴ<br>4. സർക്കാർ നഴ്സിംഗ് കോളേജ് , എറണാകുളം<br>5. സർക്കാർ നഴ്സിംഗ് കോളേജ് , തൃശ്ശൂർ<br>6. സർക്കാർ നഴ്സിംഗ് കോളേജ് , കോഴിക്കോട്<br>7. സർക്കാർ നഴ്സിംഗ് കോളേജ് , കണ്ണൂർ |
| (ബി) | സംസ്ഥാനത്തും വിദേശത്തും വർദ്ധിച്ചുവരുന്ന നഴ്സിങ് ജോലിസാധ്യത കണക്കിലെടുത്ത് കുട്ടികൾക്ക് സംസ്ഥാനത്ത് തന്നെ പഠന സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടി 7 നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവ കൂടാതെ സർക്കാർ മേഖലയിൽ കൂടുതൽ നഴ്സിംഗ് പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കൊല്ലം, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനും, പ്രസ്തുത കോളേജുകളിൽ 2022-23 അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.<br>നഴ്സിംഗിൽ ആവശ്യമായ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സെൽഫ് ഫിനാൻസിംങ് മേഖലകളിലായി വിവിധ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | കോളേജുകളിലായി വിവിധ നഴ്സിംഗ് കോഴ്സുകൾക്ക് 8231 സീറ്റുകൾ നിലവിലുണ്ട്.<br><br>കുട്ടികൾക്ക് സംസ്ഥാനത്തു തന്നെ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലയിൽ കൂടുതൽ സീറ്റുകൾ അനുവദിക്കുന്നതിനും, പുതിയ കോളേജുകൾ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സെൽഫ് ഫിനാൻസിംഗ് മേഖലകളിൽ കൂടുതൽ നഴ്സിങ് കോളേജുകൾ അനുവദിച്ച് സംസ്ഥാനത്തിന് വെളിയിലേക്ക് പഠനാവശ്യത്തിനായി കുട്ടികൾ പോകുന്നത് തടയുന്നതിന് പ്രത്യേക കർമ പദ്ധതിക്ക് രൂപം നൽകുമോ? | (സി) | സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടി 7 നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവ കൂടാതെ സർക്കാർ മേഖലയിൽ കൂടുതൽ നഴ്സിംഗ് പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കൊല്ലം, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനും, പ്രസ്തുത കോളേജുകളിൽ 2022-23 അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.<br><br>നഴ്സിംഗിൽ ആവശ്യമായ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സെൽഫ് ഫിനാൻസിംങ് മേഖലകളിലായി വിവിധ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കോളേജുകളിലായി വിവിധ നഴ്സിംഗ് കോഴ്സുകൾക്ക് 8231 സീറ്റുകൾ നിലവിലുണ്ട്.<br><br>കുട്ടികൾക്ക് സംസ്ഥാനത്തു തന്നെ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലയിൽ കൂടുതൽ സീറ്റുകൾ അനുവദിക്കുന്നതിനും, പുതിയ കോളേജുകൾ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ